(എ) സോയിൽ കൺസർവേഷൻ ഡിപ്പാർട്ട്മെന്റ് മുഖേന ഈ സർക്കാരിന്റെ കാലയളവിൽ ചേർത്തല മണ്ഡലത്തിൽ ചെയ്തിട്ടുള്ള ജോലികൾ എന്തെല്ലാമാണെന്നും അതിന് ചെലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ ; സോയിൽ കൺസർവേഷൻ വകുപ്പുമുഖേന ചേർത്തല മണ്ഡലത്തിൽ നടപ്പിലാക്കിയ ജോലികൾ എന്നൊക്കെയാണ് ടെണ്ടർ ചെയ്തിരുന്നതെന്നും പ്രസ്തുത ജോലികൾ ചെയ്ത കരാറുകാർ ആരെല്ലാമായിരുന്നുവെന്നും വ്യക്തമാക്കുമോ ;

(ബി) 2013-14 സാമ്പത്തിക വർഷം ചേർത്തല മണ്ഡലത്തിൽ സോയിൽ കൺസർവേഷൻ വകുപ്പ് മുഖേന നടപ്പിലാക്കാനുദ്ദേശിക്കുന്ന ജോലികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയിരിക്കുന്നത് ആരെല്ലാമാണെന്നും പ്രസ്തുത ജോലികളുടെ പുരോഗതി എവിടെവരെയായെന്നും വ്യക്തമാക്കുമോ ?

## ഉത്തരം

(എ) ഈ സർക്കാരിന്റെ കാലയളവിൽ ചേർത്തല നിയോജക മണ്ഡലത്തിൽ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി 10 കുളങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. 65.21447 ലക്ഷം രൂപ ചെലവഴിച്ച് നടപ്പിലാക്കിയ ഈ പദ്ധതി ഗുണഭോക്തൃ സമിതിമുഖേനയാണ് നടപ്പിലാക്കിയിട്ടുള്ളത്. ആയതിനാൽ ടെണ്ടർ വിളിച്ചല്ല പണികൾ ചെയ്തിട്ടുള്ളത്.

(ബി) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ചേർത്തല മണ്ഡലത്തിൽ 2013-14 സാമ്പത്തിക വർഷം 11 കുളങ്ങളുടെ നവീകരണമാണ് ലക്ഷ്യമിടുന്നത്. ഇതുസംബന്ധിച്ച നിർദ്ദേശങ്ങൾ തണ്ണീർമുക്കം, മാരാരിക്കുളം നോർത്ത്, ചേർത്തല സൗത്ത്, വയലാർ, പട്ടണക്കാട് എന്നീ പഞ്ചായത്തുകളിൽ നിന്നാണ് ലഭിച്ചിട്ടുള്ളത്. പദ്ധതി പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്.

## നാട്ടിക കൃഷിഭവനുകളിലെ ഒഴിവുള്ള തസ്തികകൾ

97 (5963) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാട്ടിക നിയോജക മണ്ഡലത്തിൽ എത്ര കൃഷിഭവനുകൾ പ്രവർത്തിക്കുന്നുണ്ട് ; വിവിധ തസ്തികകളിലായി എത്ര അംഗീകൃത തസ്തികകൾ നിലവിലുണ്ട് ;

(ബി) ഇതിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഏതെല്ലാമെന്ന് കൃഷിഭവൻ തിരിച്ച് വിശദമാക്കുമോ ;

(സി) ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ) നാട്ടിക നിയോജക മണ്ഡലത്തിൽ ആകെ 9 കൃഷിഭവനുകൾ പ്രവർത്തിക്കുന്നുണ്ട്. വിവിധ തസ്തികകളിലായി താഴെപ്പറയുംവിധം അംഗീകൃത തസ്തികകൾ ഉണ്ട് :

| | | |
|---|---|---|
| 1 | കൃഷി ഓഫീസർ | 9 |
| 2 | കൃഷി അസിസ്റ്റന്റ് | 29 |
| 3 | പാർട്ട് ടൈം സ്വീപ്പർ | 4 |
| 4 | കാഷ്വൽ സ്വീപ്പർ | 5 |

(ബി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ

| | | | |
|---|---|---|---|
| 1 | കൃഷി അസിസ്റ്റന്റ് | 3 എണ്ണം | കൃഷി ഭവൻ, ചേർപ്പ് - 2<br>കൃഷി ഭവൻ, പാറളം - 1 |

(സി) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## വളർത്തുമൃഗങ്ങളെ ബാധിക്കുന്ന രോഗങ്ങൾ നിയന്ത്രിക്കുന്നതിന് നടപടികൾ

98 (5964) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വളർത്തുമൃഗങ്ങളെ ബാധിക്കുന്ന കാലിവസന്ത, കുളമ്പുരോഗം എന്നീ രോഗങ്ങളെ നിയന്ത്രിക്കുന്നതിനായി നിലവിൽ എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്തുനിന്നും കാലിവസന്ത പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യുവാനായി എന്തെല്ലാം പദ്ധതികൾ ആണ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത് ; അതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) കുളമ്പുരോഗ നിയന്ത്രണ പരിപാടി സംബന്ധിച്ച ആക്ഷേപങ്ങൾ ശ്രദ്ധയിലുണ്ടോ ; പ്രസ്തുത പദ്ധതിക്കായി എത്ര രൂപയാണ് കേന്ദ്ര സഹായമായി ലഭിച്ചത് ; അതുപയോഗിച്ച് എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പിലാക്കി എന്ന് വ്യക്തമാക്കാമോ ?

## ഉത്തരം

(എ) സംസ്ഥാനത്തെ വളർത്തുമൃഗങ്ങളെ ബാധിക്കുന്ന കാലിവസന്ത, കുളമ്പുരോഗം എന്നീ രോഗങ്ങളെ നിയന്ത്രിക്കുന്നതിനായി റിന്റർപെസ്റ്റ് ഇറാഡിക്കേഷൻ പ്രോഗ്രാമായ എൻ.പി.ആർ.ഇ., സമ്പൂർണ്ണ കുളമ്പുരോഗ നിർമ്മാർജ്ജന പദ്ധതിയായ എഫ്.എം.ഡി.സി.പി., ഗോരക്ഷ എന്നീ പദ്ധതികൾ വഴി പ്രസ്തുത രോഗങ്ങൾ നിയന്ത്രിച്ചുവരുന്നു.